# വാളിന് മൂർച്ച കൂട്ടുക



■ ശിവദാസൻ എ.കെ.

ഒരാൾ ഒരു സെൻ ഗുരുവിനെ കണ്ട് ഒരിക്കൽ ചോദിച്ചു. ബോധോദയത്തിനു മുമ്പ് അങ്ങ് എന്തു ചെയ്യുകയായിരുന്നു. 'ഞാൻ വിറകുവെട്ടുകയും വെള്ളം കോരുകയുമായിരുന്നു.' സെൻ ഗുരു മറുപടി പറഞ്ഞു. അങ്ങ് ഇപ്പോൾ എന്തു ചെയ്യുന്നു? അയാൾ വീണ്ടും ചോദിച്ചു. സെൻ ഗുരു മറുപടി പറഞ്ഞു. ഇപ്പോഴും ഞാൻ വിറകുവെട്ടുകയും, വെള്ളം കോരുകയും ചെയ്യുന്നു. ഇതു കേട്ട് അയാൾ അമ്പരന്നു. ആ അമ്പരപ്പ് മനസ്സിലാക്കി സെൻ ഗുരു വിശദീകരിച്ചു. ബോധോദയത്തിനു മുമ്പ് എന്റെ പ്രവൃത്തികൾ കേവലം ഒരു കടമ മാത്രമായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ കടമയേക്കാളേറെ ജോലിയിൽ ആനന്ദിക്കാൻ തുടങ്ങിയിരിക്കുന്നു.

ആനന്ദം തന്നിൽ നിന്നു തന്നെയാണ് ഉറവയെടുക്കുന്നതെന്ന് മനസ്സിലാക്കാതെയാണ് ആളുകൾ അതിനായി പരക്കം പാഞ്ഞുകൊണ്ടിരിക്കുന്നത്. പരമമായ ആനന്ദം സ്വയം നിരീക്ഷണത്തിലൂടെയാണ് മനുഷ്യർക്ക് ലഭ്യമാകുന്നത്. പ്രശസ്ത യു.എസ് ചിന്തകനായ സ്റ്റീഫൻ ആർ കോവൈ തന്റെ പ്രശസ്തമായ 'Seven habits of highly effective people' എന്ന കൃതിയിൽ ജീവിതവിജയത്തിനായി ഏഴ് ശീലങ്ങളെക്കുറിച്ച് പറയുന്നു. ഇതിൽ ഏറ്റവും പ്രാധാന്യമേറിയതും മറ്റെല്ലാ ശീലങ്ങളെയും അനുരഞ്ജിപ്പിക്കുന്നതുമായ ശീലം സ്വയം നവീകരണമാണ് എന്നദ്ദേഹം സ്ഥാപിക്കുന്നു. ഒരിക്കൽ ഒരാൾ മരം വെട്ടുന്നതിനായി കാട്ടിൽ പോയി. കൈയ്യിൽ കരുതിയ വാൾ കൊണ്ട് ലക്ഷണമൊത്ത മരം മുറിക്കാനാരംഭിച്ചു. പക്ഷേ, ഏറെ നേരം കഴിഞ്ഞിട്ടും മരം വീണില്ല. അപ്പോൾ അതുവഴി വന്നൊരാൾ മരംവെട്ടുകാരനോടു ചോദിച്ചു. നിങ്ങൾ വാൾ സമയാ



സമയത്ത് മൂർച്ച കൂട്ടുകയുണ്ടായോ? അതിന് എനിക്കെവിടെയാ നേരം ,ഞാൻ മരം മുറിച്ചുകൊണ്ടിരിക്കുകയല്ലേ മരം വെട്ടുകാരൻ മറുപടി പറഞ്ഞു. നമ്മുടെ ചുറ്റുമുള്ള നിരവധി പ്രവർത്തനങ്ങൾ ഈ മരംവെട്ടുകാരന്റേതിനു സമാനമല്ലേ!

നാം ആയുധം മൂർച്ച കൂട്ടാതെ പ്രവൃത്തി ചെയ്യുന്നവരാകയാൽ കഠിനാദ്ധ്വാനം ചെയ്താലും പരാജയം ഉറപ്പാണ്. എത്രയൊക്കെ കഷ്ടപ്പെട്ടിട്ടും എന്നും ദുരിതം തന്നെ എന്ന് വിലപിക്കുന്നവർ ധാരാളമാണ്. മനുഷ്യന്റെ സ്വയം നവീകരണത്തിന് പ്രധാനമായും നാല് മാനങ്ങളുണ്ടെന്ന് സാമൂഹ്യശാസ്ത്രജ്ഞർ പറയുന്നു. അവ ശാരീരികം, മാനസികം, അദ്ധ്യാത്മികം, സാമൂഹികം എന്നിവയത്രെ. ഈ മേഖലകളിൽ നാം എവിടെ നില്ക്കുന്നു എന്ന തിരിച്ചറിവ് ഈ മേഖലകളിലെ നമ്മുടെ നവീകരണത്തിന് അത്യന്താപേക്ഷിതമാണ്. ശാരീരികമായ നവീകരണം ഉചിതമായ വ്യായാമത്തിലൂടെ മാത്രമേ സാധ്യമാകൂ. പക്ഷേ, ആളുകൾ പൊതുവെ വ്യായാമത്തെ തിരസ്കരിക്കുകയാണ്. നിത്യജീവിതത്തിൽ മറ്റ് ആരോഗ്യശീലങ്ങളെപ്പോലെ വ്യായാമത്തെ ഉൾപ്പെടുത്തുന്നില്ല, മറിച്ച്



**നാം ആയുധം മൂർച്ച കൂട്ടാതെ പ്രവൃത്തി ചെയ്യുന്നവരാകയാൽ കഠിനാദ്ധ്വാനം ചെയ്താലും പരാജയം ഉറപ്പാണ്. എത്രയൊക്കെ കഷ്ടപ്പെട്ടിട്ടും എന്നും ദുരിതം തന്നെ എന്ന് വിലപിക്കുന്നവർ ധാരാളമാണ്. മനുഷ്യന്റെ സ്വയം നവീകരണത്തിന് പ്രധാനമായും നാല് മാനങ്ങളുണ്ടെന്ന് സാമൂഹ്യശാസ്ത്രജ്ഞർ പറയുന്നു. അവ ശാരീരികം, മാനസികം, അദ്ധ്യാത്മികം, സാമൂഹികം എന്നിവയത്രെ.**

*Photo: Evaschuster*



എല്ലാ സൗകര്യങ്ങളും ഒത്തുവന്നാൽ ആകാം എന്ന് കരുതും. മറ്റ് ചിലരാകട്ടെ പൊണ്ണത്തടി കുറയ്ക്കാനോ, കൊളസ്ട്രോൾ കുറയ്ക്കാനോ വ്യായാമം ചെയ്യുന്നു. പക്ഷേ, വ്യയാമം പോഷകാഹാരംപോലെ, ശുദ്ധവായുപോലെ, ജലംപോലെ ശരീരത്തിന് അത്യന്താപേക്ഷിതമാണ് എന്ന് തിരിച്ചറിയേണ്ടതുണ്ട്. അദ്ധ്യാത്മികമായ നവീകരണത്തിനുവേണ്ടി മഹാക്ഷേത്രങ്ങൾ തേടി അലയേണ്ടതുണ്ടോ? വൻതുകകൾ മുടക്കി യജ്ഞം, വഴിപാട് എന്നിവ നടത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. എന്താണ് തന്നിലെ ആദ്ധ്യാത്മികത എന്ന് തിരിച്ചറിയേണ്ടതാണ്. ചിലർക്കത് ആചാരനുഷ്ഠാനങ്ങളെങ്കിൽ ചിലർക്കത് പ്രവർത്തിയാണ്. ചിലർക്ക് മൗനമാണ്, ചിലർക്ക് ഇഷ്ടപ്പെട്ട സംഗീതമാണ്. കടൽത്തീരത്തെ നിശബ്ദതയിൽ ഉദയസൂര്യനെയോ, അസ്തമയസൂര്യനെയോ ദർശിക്കുന്നതാണ് യഥാർത്ഥ ഉദയാസ്തമയപൂജ എന്ന് മഹാമനീഷികൾ പറയുന്നു.

മാനസികമായ വളർച്ച ഒരു മനുഷ്യൻ നേടുന്ന അറിവിനെ ആശ്രയിച്ചിരിക്കുന്നു. കേവലം അക്കാദമിക് ബിരുദങ്ങൾ, ഒരാളുടെ മാനസിക വളർച്ച ത്വരിതപ്പെടുത്തുന്നു എന്ന് പറയാനാവില്ല. വിവേകിയായ മനുഷ്യനിൽ അറിവ് അഗ്നിയാകുന്നു. ആ അഗ്നി അജ്ഞാനത്തെ ദഹിപ്പിക്കുന്നതിനൊപ്പം സ്വയം ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. നിരക്ഷരരായ ചിലരുടെ വിവേകം ചില അക്കാദമിക് വിദഗ്ധർക്കില്ലാതെ പോകുന്നത് അതുകൊണ്ടാണ്. വിപുലമായ വായന നമ്മുടെ മനസ്സിനെ പുഷ്ടിപ്പെടുത്തുന്നു. പുസ്തകം വായിക്കാനറിയാത്തയാളും, വായിക്കാത്ത ആളും തമ്മിൽ വ്യത്യാസമൊന്നുമില്ല. നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ അറിവിനായി തുറന്നു വെയ്ക്കുക. അപ്പോൾ മനസ്സെന്ന മാനം തനിയെ മൂർച്ച നേടിക്കൊള്ളും.

**ആധുനിക ജീവിതരീതികൾ മനുഷ്യനെ അഹങ്കാരിയാക്കിയിരിക്കുന്നു. സ്വന്തമായ വീട്, വാഹനം, ആജ്ഞാനുവർത്തികൾ, ആവശ്യത്തിലേറെ പണം എന്നിവ ചേർത്ത് താനൊരു സാമൂഹ്യജീവിയാണ് എന്നവൻ മറന്നുപോകുന്നു. യുക്തിസഹമല്ലാത്ത ജീവിതസാഹചര്യങ്ങളിൽ ഭ്രമിച്ച് തനിക്ക് ചുറ്റും നടക്കുന്നത് തന്നെ ബാധിക്കില്ല എന്നും താൻ അത്തരം സാഹചര്യങ്ങൾക്കപ്പുറത്തെന്നുമാണ് അയാളുടെ ധാരണ. ഒറ്റയ്ക്കു നിന്നാൽ ബുദ്ധിശക്തിയുടേതൊഴിച്ച് മൃഗങ്ങളുടെ അടിസ്ഥാന മികവുപോലും ഇല്ലാത്ത ജീവിയാകുന്നു മനുഷ്യൻ.**



ആധുനിക ജീവിതരീതികൾ മനുഷ്യനെ അഹങ്കാരിയാക്കിയിരിക്കുന്നു. സ്വന്തമായ വീട്, വാഹനം, ആജ്ഞാനുവർത്തികൾ, ആവശ്യത്തിലേറെ പണം എന്നിവ ചേർത്ത് താനൊരു സാമൂഹ്യജീവിയാണ് എന്നവൻ മറന്നുപോകുന്നു. യുക്തിസഹമല്ലാത്ത ജീവിതസാഹചര്യങ്ങളിൽ ഭ്രമിച്ച് തനിക്ക് ചുറ്റും നടക്കുന്നത് തന്നെ ബാധിക്കില്ല എന്നും താൻ അത്തരം സാഹചര്യങ്ങൾക്കപ്പുറത്തെന്നുമാണ് അയാളുടെ ധാരണ. ഒറ്റയ്ക്കു നിന്നാൽ ബുദ്ധിശക്തിയുടേതൊഴിച്ച് മൃഗങ്ങളുടെ അടിസ്ഥാന മികവുപോലും ഇല്ലാത്ത ജീവിയാകുന്നു മനുഷ്യൻ. നമുക്ക് ഒരു പൊൻമാനിന്റെ ജാഗ്രതയോ, പുലിയുടെ വേഗമോ, നായയുടെ കേൾവിശക്തിയോ, പൂച്ചയുടെ ഘ്രാണശക്തിയോ ഉണ്ടാകണമെന്നില്ല. ഇന്നീ കാണുന്ന പുരോഗതി മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ഉപോത്പന്നമാണ്, ചുറ്റും കാണുന്ന സാമൂഹ്യസാഹചര്യങ്ങളോട് പ്രതിപ്രവർത്തിക്കാതെ നമുക്ക് മുന്നോട്ട് പോകാനാവില്ല. ഒരാൾ തന്റെ മരണശയ്യയിൽ വെച്ച് എനിക്ക് ഇത്തിരിനേരം ടി.വി. കാണാൻ കഴിഞ്ഞില്ലല്ലോ, സിനിമ കാണാൻ പറ്റിയില്ലല്ലോ എന്നല്ല ഓർക്കുക. താൻ തന്റെ വേണ്ടപ്പെട്ടവർക്കു ചെയ്ത നിസ്വാർത്ഥ സേവനങ്ങളെക്കുറിച്ചാണ്. ജീവിതത്തിന്റെ യഥാർത്ഥ ആനന്ദം കണ്ടെത്താൻ സാമൂഹികമായ മാനത്തെക്കൂടി നവീകരിക്കേണ്ടതുണ്ട്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ നാലു മാനങ്ങളുടെയും സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഓഷോ പറയുന്നു.

കൃഷിക്കാരൻ തന്റെ മണ്ണിലേക്ക് ജലമൊഴുക്കുന്നു

എയ്ത്തുക്കാരൻ അമ്പിന് മൂർച്ച കൂട്ടുന്നു

മരപ്പണിക്കാരൻ തടികളിൽ പണി ചെയ്യുന്നു

അതുപോലെ വിവേകി മനസ്സിന് ദിശാബോധം നല്കുന്നു.